14580
22/8/19

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - എറണാകുളം ജില്ല - 2018 ലെ പ്രളയക്കെടുതിയിൽ എറണാകുളം ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

സ.ഉ.(സാധാ) നം:2260/2019 റവ                തിരുവനന്തപുരം, തീയതി, 17/08/2019

---

പരാമർശം-
1.) 26/10/2018-തീയതിയിലെ സ.ഉ.(കൈ) നം. 24/2018/ദു.നി.വ .

2.) സ.ഉ.(കൈ) നം. 5088/18/റവ , തീയതി 08/12/2018

3.) സ.ഉ.(സാധാ) നം. 463/2019/റവ. തീയതി 06/02/2019

4) 16/05/2019 തീയതിയിലെ സ.ഉ.(സാധാ) നം. 1136/2019/റവ

5) 30.07./2019 തീയതിയിലെ സ.ഉ.(സാധാ) നം. 2093/2019

6) . എറണാകുളം ജില്ലാ കളക്ടറുടെ 07/08/2019 തീയതിയിലെ പി2/11111/17 നം.കത്ത്.

ഉത്തരവ്

2018 ലെ പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

2) തുടർന്ന് പരാമർശം (2),(3),(4),(5) ഉത്തരവുകൾ പ്രകാരം എറണാകുളം ജില്ലാ കളക്ടർക്ക് യഥാക്രമം 250,81,00,000 രൂപ (ഇരുന്നൂറ്റി അമ്പത് കോടി എൺപത്തിയൊന്നു ലക്ഷം രൂപ) 42,57,22,500 /-രൂപ (നാല്പത്തി രണ്ടു കോടി അമ്പത്തിയേഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ) 50,00,00,000 രൂപ (അമ്പത് കോടി രൂപ മാത്രം ) എന്നിങ്ങനെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിലേയ്ക്കായി അനുവദിച്ചിരുന്നു.

3) പ്രളയക്കെടുതിയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി **107,94,18,600/-** (നൂറ്റി ഏഴ് കോടി തൊണ്ണൂറ്റി നാലു ലക്ഷത്തി പതിനെട്ടായിരത്തി അറുനൂറു രൂപ) കൂടി ആവശ്യമുണ്ടെന്ന് പരാമർശം (6) പ്രകാരം എറണാകുളം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് ടി ആവശ്യത്തി ലേക്കായി **107,94,18,600/-** രൂപ (നൂറ്റി ഏഴ് കോടി തൊണ്ണൂറ്റി നാലു ലക്ഷത്തി പതിനെട്ടായിരത്തി അറുനൂറു രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) വിതരണത്തിനാവശ്യമായി വരുന്ന **107,94,18,600/-** രൂപ (നൂറ്റി ഏഴ് കോടി തൊണ്ണൂറ്റി നാലു ലക്ഷത്തി പതിനെട്ടായിരത്തി അറുനൂറു രൂപ) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ

ധനകാര്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്.

5) ഈ ആവശ്യത്തിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇതുവരെ അനുവദിച്ച തുക ഉപയോഗപ്പെടുത്തിയത് സംബന്ധിച്ച കണക്കുകളും ,ഗുണഭോക്താക്കളുടെ താലൂക്ക് /വില്ലേജ് തിരിച്ചുള്ള എണ്ണവും സഹിതം വിനിയോഗ സർട്ടിഫിക്കറ്റ് കാലവിളംബം കൂടാതെ ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത .എൽ**
**സ്പെഷ്യൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ,എറണാകുളം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
ദുരന്ത നിവാരണ ( എ/ബി) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ